**കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഓഫീസിലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് സീലിങ് നിരക്ക് കൂട്ടി അധികാരം സ്ഥാപന മേധാവികൾക്ക് നൽകി ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ ജെ 2/15501/2018/കോ.വി.വ. തീയതി 08.05.2018

---

പരാമർശം: 1) 6.10.2017 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.145/2017/എച്ച് &എഫ് ഡബ്ല്യു ഡി.
2) 27.7.15 ലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ ജെ2/28131/2015/കോ.വി.വ.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് അനുസരിച്ച് സർക്കാർ ആശുപത്രിയിലുള്ള ചികിത്സാ ബില്ലുകളിൽ 50,000/- രൂപ വരെയുള്ള ബില്ലുകൾ ജില്ലാതലത്തിലുള്ള ഓഫീസർക്കും 50,000/- രൂപ മുതൽ 2 ലക്ഷം വരെയുള്ള ബില്ലുകൾ - ജില്ലാ മെഡിക്കൽ ഓഫീസർ വെരിഫൈചെയ്ത് ജില്ലാതല ഓഫീസർക്കും, 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ ആരോഗ്യവകുപ്പ് ഡയറക്ടർ വെരിഫൈചെയ്ത് ആസ്ഥാന കാര്യാലയത്തിലും മാറാവുന്നതാണെന്ന് സർക്കാർ അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഈ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രിയിലുള്ള ചികിത്സയ്ക്കുള്ളബില്ലുകൾ താഴെ പറയും പ്രകാരം മാറാവുന്നതാണ്.

| | |
|---|---|
| എ) 50,000/- രൂപ വരെയുള്ള ബില്ലുകൾ | ഗവൺമെന്റ് കോളേജിലേത് പ്രിൻസിപ്പാൾ മാർക്കും എയ്ഡഡ് കോളേജിലേത് ഡെപ്യൂട്ടി ഡയറക്ടർ മാർക്കും |
| ബി) 50,000/- രൂപ മുതൽ 2 ലക്ഷം വരെയുള്ള ബില്ലുകൾ | ജില്ലാ മെഡിക്കൽ ഓഫീസർ വെരിഫൈചെയ്ത് ഗവൺമെന്റ് കോളേജിലേത് പ്രിൻസിപ്പാൾ മാർക്കും എയ്ഡഡ് കോളേജിലേത് ഡെപ്യൂട്ടി ഡയറക്ടർ മാർക്കും |
| സി) 2 ലക്ഷം രൂപയിക്ക് മുകളിലുള്ള ബില്ലുകൾ | ആരോഗ്യവകുപ്പ് ഡയറക്ടർ വെരിഫൈ ചെയ്ത് ആസ്ഥാന കാര്യാലയത്തിൽ |

378531 GOVERNMENT OF KERALA 2017-18

സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിലെ ചികിത്സ ബില്ലുകൾ ക്ലെയിം ചെയ്യുന്നത് നിലവിലെ രീതിയിൽ തുടരേണ്ടതാണ്. (പരാമർശം (2) പ്രകാരം)

ഒപ്പ്/-

ഡോ. ഡി.കെ. സതീഷ്

കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. എല്ലാ ഹോസ്റ്റൽ വാർഡൻമാർക്കും
3. ഡെപ്യൂട്ടി ഡയറക്ടമാർ, കൊല്ലം, കോട്ടയം,എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. സിസ്റ്റം മാനേജർ ( ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ഇ-മെയിൽ മുഖേന എല്ലാ സർക്കാർ കോളേജ് പ്രൻസിപ്പാൾമാർക്കം ഹോസ്റ്റൽ വാർഡൻമാർക്കും, ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയയ്ക്കുന്നതിന്.
6. ഇ.& ഡി സെക്ഷൻ സൂപ്രണ്ട്മാർക്ക് ( അറിവിലേയ്ക്ക്)
7. കരുതൽ ഫയൽ / നടപ്പു ഫയൽ

ജയ/9/5/18

// അംഗീകാരത്തോടെ //

Gayathridevi.P.P

സൂപ്രണ്ട്